മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development

In Partnership with
Federal Bank
Hormis Memorial Foundation

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

Leaf - 58 July 2026

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Gemini ai

ജൂലായ് 26

# അന്താരാഷ്ട്ര കണ്ടൽക്കാട് സംരക്ഷണ ദിനം

(International Day for the Conservation of the Mangrove Ecosystems)



## പ്രതിജ്ഞ

ഇന്ന് ജൂലായ് 26 അന്താരാഷ്ട കണ്ടൽക്കാട് സംരക്ഷണ ദിനമാണ്. കടലിന്റെയും കരയുടെയും കാവൽക്കാരാണ് കണ്ടൽക്കാടുകൾ. സുനാമിയും കടൽക്ഷോഭവും തടയാൻ ഇവയ്ക്ക് കഴിവുണ്ട്. ഒട്ടേറെ ജീവികളുടെ വീടാണത്. നമ്മുടെ ഭൂമിയെ രക്ഷിക്കാൻ, ഈ കണ്ടൽക്കാടുകളെ വെട്ടിനശിപ്പിക്കാതെ കാത്തുസൂക്ഷിക്കുമെന്ന് ഈ ദിനത്തിൽ നമുക്ക് പ്രതിജ്ഞചെയ്യാം.



# ഞങ്ങൾ സംരക്ഷിക്കും!

ഉപ്പുവെള്ളത്തിലും ചെളിനിറഞ്ഞ തീരങ്ങളിലും വളരാൻ കഴിവുള്ള സസ്യങ്ങളാണ് കണ്ടൽച്ചെടികൾ. കടലും കരയും ചേരുന്ന ഇടങ്ങളിലാണ് ഇവ സാധാരണമായി കാണപ്പെടുന്നത്. താങ്ങുവേരുകളും, ശ്വസിക്കാൻ സഹായിക്കുന്ന ശ്വാസവേരുകളും (Pneumatophores) ഇവയുടെ പ്രത്യേകതയാണ്. കടൽക്ഷോഭം, സുനാമി, ചുഴലിക്കാറ്റുകൾ എന്നിവയിൽനിന്ന് തീരദേശത്തെയും അവിടെ ജീവിക്കുന്ന മനുഷ്യരെയും സംരക്ഷിക്കുന്ന പ്രകൃതിദത്തമായ മതിൽക്കെട്ടുകളാണിവ. പക്ഷികൾ, മത്സ്യങ്ങൾ, ഞണ്ടുകൾ, മറ്റ് ജലജീവികൾ എന്നിവയുടെ സുരക്ഷിത വാസസ്ഥലവും പ്രജനനകേന്ദ്രവുമാണ് കണ്ടൽക്കാടുകൾ. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിനെ വലിയ അളവിൽ ആഗിരണംചെയ്യാൻ ഇവയ്ക്ക് കഴിയും. കെട്ടിടനിർമാണം, മീൻവളർത്തൽ, മാലിന്യംതള്ളൽ തുടങ്ങിയ കാരണങ്ങൾകൊണ്ട് കണ്ടൽക്കാടുകൾ വലിയതോതിൽ നശിപ്പിക്കപ്പെടുന്നുണ്ട്. തീരദേശങ്ങളുടെ കാവൽക്കാരായ കണ്ടൽക്കാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് ആളുകളിൽ അവബോധം വളർത്തുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.



# കാട്ടിലെ ഔഷധശാല

പ്രകൃതിയുടെ ഏറ്റവും വലിയ ഔഷധശാലയാണ് കാട്. അനേകം ഔഷധസസ്യങ്ങളുടെ ആവാസകേന്ദ്രമായ വനങ്ങൾ മനുഷ്യന്റെ ആരോഗ്യസംരക്ഷണത്തിൽ നിർണായക പങ്കു വഹിക്കുന്നു. ഒട്ടേറെ  രോഗങ്ങൾക്ക് ശമനമുണ്ടാക്കുന്ന മരുന്നുകൾ കാടുകളുടെ അമൂല്യസമ്പത്താണ്. വനനശീകരണവും കാലാവസ്ഥാ വ്യതിയാനവും മൂലം ഇത്തരം വിലപ്പെട്ട ഔഷധസസ്യങ്ങൾ ഭീഷണി നേരിടുകയാണ്. കാടുകളെ സംരക്ഷിക്കുന്നത് പ്രകൃതിയുടെ ഔഷധസമ്പത്തിനെയും നമ്മുടെ ആരോഗ്യത്തെയും സംരക്ഷിക്കുന്നതിന് സഹായിക്കുന്നു. 'കാട് കാക്കാം... പ്രകൃതിയുടെ ഔഷധശാലയെ സംരക്ഷിക്കാം.'



നിയ എം.കെ.
ഇച്ഛന്നൂർ എ.യു.പി. സ്കൂൾ, ചേളന്നൂർ
കോഴിക്കോട്

# വേണം ജനപങ്കാളിത്തം

കേരളം നേരിടുന്ന ഏറ്റവും വലിയ പരിസ്ഥിതി വെല്ലുവിളികളിലൊന്നാണ് മാലിന്യസംസ്കരണം. ഓരോ ദിവസവും വലിയ അളവിൽ ജൈവ- അജൈവ മാലിന്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും ഉറവിടത്തിൽതന്നെ വേർതിരിക്കുകയോ ശാസ്ത്രീയമായി സംസ്കരിക്കുകയോ ചെയ്യുന്നില്ല. മാലിന്യങ്ങൾ റോഡരികുകളിലും തോടുകളിലും നദികളിലും പൊതുസ്ഥലങ്ങളിലും അടിഞ്ഞുകൂടുകയും വായു, ജലം, മണ്ണ് എന്നിവയെ മലിനമാക്കുകയും ചെയ്യുന്നു. കൂടാതെ, ദുർഗന്ധം, കൊതുക്, ഈച്ച, എലി എന്നിവയും വർധിക്കുന്നു. ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങൾ പടരുന്നതിനും ഇത് കാരണമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ നദികളിലും കടലിലും വ്യാപിച്ച് ജലജീവികൾക്കും ആവാസവ്യവസ്ഥയ്ക്കും ഗുരുതര ഭീഷണി സൃഷ്ടിക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കാൻ വീടുകളിൽ തന്നെ മാലിന്യങ്ങൾ ജൈവവും അജൈവവുമായി വേർതിരിക്കുക, ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ്ചെയ്യുക, പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക, പുനരുപയോഗവും പുനഃചംക്രമണവും പ്രോത്സാഹിപ്പിക്കുക, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിക്കുക എന്നീ നടപടികൾ ഓരോ പൗരരും സ്വീകരിക്കണം. ശുചിത്വമുള്ളതും സുസ്ഥിരവുമായ കേരളം സൃഷ്ടിക്കാൻ സർക്കാർസംവിധാനങ്ങൾക്കൊപ്പം ജനങ്ങളുടെ സജീവപങ്കാളിത്തവും അനിവാര്യമാണ്.



ദിവ്യ സന്തോഷ്
അമൃത വിദ്യാലയം, കക്കാട്, കണ്ണൂർ



# ഉപ്പൻ

നമ്മുടെ നാട്ടിൻപുറങ്ങളിൽ സാധാരണമായി കണ്ടുവരുന്ന ഒരു പക്ഷിയാണ് ഉപ്പൻ (Crow pheasant). ചെമ്പോത്ത്, ചകോരം എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു. ഇവയുടെ ശാസ്ത്രീയനാമം Centropus sinensis എന്നാണ്. കുയിലിന്റെ കുടുംബത്തിൽപ്പെട്ട ഈ പക്ഷിക്ക് കാക്കയോട് സാമ്യമുണ്ട്. തിളങ്ങുന്ന കറുത്ത തലയും ശരീരവും ചെമ്പ് കലർന്ന തവിട്ട് നിറമുള്ള ചിറകുകളും തിളക്കമുള്ള ചുവന്ന കണ്ണുകളുമാണ് ഇവയ്ക്കുള്ളത്. പ്രാണികൾ, ഒച്ചുകൾ, പല്ലികൾ എന്നിവയാണ് പ്രധാന ഭക്ഷണം. കീടങ്ങളെ നിയന്ത്രിക്കാനും ഇവ വലിയ പങ്കുവഹിക്കുന്നു. ഇവയ്ക്ക് അധികം ഉയരത്തിൽ പറക്കാനാവില്ല. 'ഉപ്പ്- ഉപ്പ്' എന്ന പ്രത്യേകതയുള്ള ശബ്ദമാണ്. ജനുവരിമുതൽ ജൂൺവരെയാണ് ഇവയുടെ പ്രജനനകാലം. അധികം ഉയരമില്ലാത്ത ചില്ലകൾ ഏറെയുള്ള മരങ്ങളിലാണ് കൂടുകെട്ടുന്നത്. മങ്ങിയ വെളുപ്പുനിറത്തിലുള്ള മുട്ടകളാണ് ഇടുക.

അഭിജിത്ത് പി.എസ്.
ഗവ. ബോയ്സ് എച്ച്.എസ്.എസ്. ആലുവ,
എറണാകുളം

ഈ ഫോട്ടോ കാണാം

# മുറിഞ്ഞപുഴ
## കുട്ടിക്കാനം



മാതൃഭൂമി ആകാശപ്പച്ച
2026 ജൂലായ്

അതുൽ രാജേഷ്
എ. വി. എച്ച്. എസ്. എസ്
കുറിച്ചി, കോട്ടയം

# സുസ്ഥിര കൃഷിയിലേക്ക് ഒരു ചുവടുവയ്പ്പ്

കൃഷിയിടങ്ങളുടെ കുറവും ജലക്ഷാമവും നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഹൈഡ്രോപോണിക് ശ്രദ്ധേയമായ ഒരു ആധുനിക കൃഷിരീതിയാണ്. മണ്ണില്ലാതെ തന്നെ, ജലത്തിൽ ലയിപ്പിച്ച പോഷകങ്ങൾ ഉപയോഗിച്ചാണ് ഈ കൃഷി നടത്തുന്നത്. ചെടികൾക്ക് ആവശ്യമായ പോഷകങ്ങൾ നേരിട്ട് വേരുകളിലെത്തുന്നതിനാൽ വളർച്ച വേഗത്തിലാകുകയും മികച്ച വിളവ് ലഭിക്കുകയും ചെയ്യുന്നു. ചെറിയ സ്ഥലങ്ങളിലും വീടുകളുടെ ടെറസുകളിലും നഗരപ്രദേശങ്ങളിലും ഈ കൃഷി എളുപ്പത്തിൽ നടത്താം. ചീര, ലെറ്റിയൂസ്, പുതിന, തക്കാളി, വെള്ളരി, കാപ്സിക്കം തുടങ്ങിയ വിളകൾ ഹൈഡ്രോപോണിക് രീതിയിൽ വിജയകരമായി കൃഷിചെയ്യാം. മണ്ണിലൂടെ പകരുന്ന രോഗങ്ങൾ കുറയുന്നതും ജലത്തിന്റെ ഉപയോഗം വളരെ കുറവായതും ഈ രീതിയുടെ പ്രധാന പ്രത്യേകതകളാണ്. ആരംഭച്ചെലവ് കൂടുതലാണെങ്കിലും കുറഞ്ഞ സ്ഥലത്തും കുറഞ്ഞ ജല ഉപയോഗത്തിലൂടെയും കൂടുതൽ വിളവ് ലഭ്യമാക്കുന്ന ഹൈഡ്രോപോണിക് കൃഷി, ഭാവിയിലെ കാർഷികരംഗത്തിന് വലിയ പ്രതീക്ഷ നൽകുന്ന സുസ്ഥിര കൃഷിരീതിയാണ്.



അഷ്ടമി ജെ. രാജേഷ്
ഗവ. ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂൾ
കുഴിത്തുറ, കൊല്ലം



# ജ്വാലാമുഖം

*"ആകാശദീപങ്ങൾ സാക്ഷി*
*ആഗ്നേയശൈലങ്ങൾ സാക്ഷി*
*അകമെരിയും ആരണ്യതീരങ്ങളിൽ*
*ഹിമമുടിയിൽ ചായുന്ന വിൺഗംഗയിൽ*
*മറയുകയായ് നീയാം ജ്വാലാമുഖം"*

ആകാശവും മലനിരകളും പ്രകൃതിയുടെ മഹത്തായ ദൃശ്യങ്ങളും സാക്ഷികളാകുമ്പോൾ, മനുഷ്യന്റെ ഉള്ളിലെ വേദനയും ഓർമ്മകളും ജ്വലിക്കുന്ന വികാരങ്ങളും, ഈ വരികളിലൂടെ മനോഹരമായി അവതരിപ്പിക്കുന്നു. പ്രകൃതിയും മനസ്സും തമ്മിലുള്ള ആഴമുള്ള ബന്ധമാണ് ഈ പാട്ടിന്റെ ആത്മസത്ത പ്രതിഫലിപ്പിക്കുന്നത്. രാവണപ്രഭു എന്ന സിനിമയിലെ ഗാനമാണിത്.

ഇഹ പി.വി.
ജി.യു.പി.എസ്. പുത്തൻചിറ
തൃശ്ശൂർ

ഇത് അതിശയം തന്നെ

# പ്രകൃതിയുടെ കാവൽപ്പുര

കേരളത്തിന്റെ പാരമ്പര്യത്തിന്റെ ഭാഗമായ സർപ്പക്കാവുകൾ വിശ്വാസങ്ങളുടെ പ്രതീകങ്ങൾമാത്രമല്ല; ജൈവവൈവിധ്യത്തിന്റെ അമൂല്യമായ അഭയകേന്ദ്രങ്ങളുംകൂടിയാണ്. ഔഷധസസ്യങ്ങളുടെയും പക്ഷികളുടെയും ചെറുജീവികളുടെയും ആവാസകേന്ദ്രങ്ങളായ ഇവ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. പൂർവികർ പ്രകൃതിസംരക്ഷണത്തിനായി സംരക്ഷിച്ച ഹരിതഭൂമികളാണ് സർപ്പക്കാവുകൾ. അവയെ പ്രകൃതിയുടെ കാവൽപ്പുരകളായി തിരിച്ചറിഞ്ഞ് സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.



ആതിര കെ.എൻ.
ഗാർഡിയൻ എയ്ഞ്ചൽ ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂൾ
മഞ്ഞൂർ, എറണാകുളം

തെറ്റ് ശരി




# കരയുന്ന മുതല

മുതല ഇരയെ പിടിച്ച് തിന്നുമ്പോൾ അതിന്റെ കണ്ണിൽ നിന്ന് വെള്ളം വരുന്നത് നമ്മൾ പലപ്പോഴും കണ്ടിട്ടുണ്ടാകും. അതുകൊണ്ടാണ് 'മുതലക്കണ്ണീർ' എന്ന പ്രയോഗം പ്രചാരത്തിലായത്. പക്ഷേ, ശരിക്കും അത് മുതലയുടെ കരച്ചിലാണോ? അല്ല. മുതല വികാരങ്ങൾ കാരണം കരയുന്നില്ല. ഇരയെ കടിച്ചുപിടിക്കുമ്പോഴും വിഴുങ്ങുമ്പോഴും താടിയെല്ല് ശക്തമായി പ്രവർത്തിക്കുന്നതിനാൽ കണ്ണുനീർഗ്രന്ഥികളിൽ സമ്മർദമുണ്ടാകുന്നു. അതിന്റെ ഫലമായാണ് കണ്ണിൽനിന്ന് വെള്ളം പുറത്തുവരുന്നത്. ഈ കണ്ണുനീർ, കണ്ണുകൾ വരണ്ടുപോകാതിരിക്കാനും വായയും തൊണ്ടയും നനഞ്ഞുനിൽക്കാനും സഹായിക്കുന്നു. അതായത്, ഇത് സങ്കടത്തിന്റെ പ്രകടനമല്ല; ശരീരത്തിന്റെ സ്വാഭാവിക പ്രവർത്തനമാണ്. അതുകൊണ്ടാണ് യഥാർഥ ദുഃഖമില്ലാതെ മറ്റുള്ളവരെ വിശ്വസിപ്പിക്കാൻവേണ്ടി കാണിക്കുന്ന വ്യാജ ദുഃഖത്തെ സൂചിപ്പിക്കാൻ 'മുതലക്കണ്ണീർ' ഉപയോഗിക്കുന്നത്.



ജോസിയമോൾ ജോസ്
സെന്റ് ജോസഫ് യു. പി. സ്കൂൾ
നാരകക്കാനം, ഇടുക്കി



# നാളേക്കുവേണ്ടി

പണ്ട് പ്രകൃതിയെ നമ്മൾ ദൈവമായി കണ്ടു. എന്നാൽ, ഇന്ന് പ്ലാസ്റ്റിക് മാലിന്യംകൊണ്ട് കായലും കടലും ശ്വാസംമുട്ടുന്നു. നമ്മൾ കുടിക്കുന്ന വെള്ളത്തിലും കഴിക്കുന്ന ഭക്ഷണത്തിലും വരെ അതിന്റെ അംശങ്ങൾ കടന്നുവരുന്നു. മരങ്ങൾ വെട്ടിനിരത്തി കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയുമ്പോൾ, നഷ്ടപ്പെടുന്നത് കുളിർക്കാറ്റും കിളികളുടെ പാട്ടുമാണ്. എങ്കിലും, പ്രതീക്ഷകൾക്ക് ഇന്നും വെളിച്ചമുണ്ട്. ലോകം ഇന്ന് പരിസ്ഥിതിസൗഹൃദമായ ഒരു ജീവിതശൈലിയിലേക്ക് തിരിഞ്ഞുനടക്കാൻ തുടങ്ങിയിരിക്കുന്നു. നമ്മൾ ചെയ്യുന്ന ചെറിയ മാറ്റങ്ങൾക്ക് വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും. ഒരു മരം നടുക, അനാവശ്യമായി വൈദ്യുതി ഉപയോഗിക്കാതിരിക്കുക, പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം കുറയ്ക്കുക എന്നിവയൊക്കെ ചെറിയ കാര്യങ്ങളായി തോന്നാം. പക്ഷേ, ലോകം മാറുന്നത് ഇത്തരം ചെറിയ ചുവടുവയ്പുകളിലൂടെയാണ്. ഭൂമി നമ്മുടേതല്ല, നമ്മൾ ഭൂമിയുടെ ഭാഗമാണ്. നാളെ വരാനിരിക്കുന്ന തലമുറയ്ക്ക് വിട്ടുകൊടുക്കാൻ, കുടിവെള്ളം വറ്റാത്ത, വായു മലിനമാകാത്ത ഒരു ലോകം നമുക്ക് കരുതിവയ്ക്കാം. നമുക്ക് ഒരുമിച്ച് കൈകോർക്കാം, പ്രകൃതിക്കുവേണ്ടി, നമുക്കുവേണ്ടി.

ഹന ഹുസൈൻ
ജി.യു.പി.എസ്. ചളവ
പാലക്കാട്



# കറുത്ത വവ്വാൽപൂവ്

ലോകത്തിലെ ഏറ്റവും വിചിത്രവും കൗതുകകരവുമായ പൂക്കളിലൊന്നാണ് വവ്വാൽപൂവ്. ഇതിന്റെ രൂപം വവ്വാലിനെപ്പോലെ ആയതുകൊണ്ടാണ് ഈ പേര് ലഭിച്ചത്. പൂവിന്റെ നീളമുള്ള നൂൽപോലുള്ള ഭാഗങ്ങൾ വവ്വാലിനെ ഓർമ്മിപ്പിക്കുന്നു. ഈ പൂവ് പ്രധാനമായും തെക്കുകിഴക്കൻ ഏഷ്യയിലെ മഴക്കാടുകളിലാണ് വളരുന്നത്. ഇതിന്റെ കറുത്ത നിറവും വ്യത്യസ്തമായ രൂപവും കാഴ്ചക്കാരെ അദ്ഭുതപ്പെടുത്തും. പ്രകൃതിയുടെ അദ്ഭുതസൃഷ്ടികളിലൊന്നാണ് ഈ പൂവ്.

ഫാത്തിമ സിയ സി.എച്ച്.
ക്രെസൻറ് ഇംഗ്ലീഷ് സ്കൂൾ അജാനൂർ
കാസർകോട്

വർണച്ചിറക്
കവിത

# പ്രകൃതി നമ്മുടെ നിധി

പ്രകൃതിയെ നാം സ്നേഹിക്കണം
മരങ്ങൾ നട്ടുവളർത്തേണം
മരങ്ങൾ നന്നായ് വളർന്നെന്നാൽ
നൽകും തണലും കായ്കളും
പ്രകൃതിയെ നമുക്ക് സ്നേഹിക്കാം
ഭൂമിയെ നന്നായ് കാത്തീടാം.
ഭൂമി നൽകും ജീവശ്വാസം
പുതുജീവനേകും മക്കൾക്ക്
പ്രകൃതി നമ്മുടെ നിധിയാണ്
സ്നേഹത്തോടെ കാത്തീടാം
മരങ്ങൾ നന്നായി നട്ടുവളർത്തി
സുന്ദരമാക്കാം ഈ ഭൂമിയെ!



ആഷ്ന എസ്.എ.
എൽ.പി.എസ്. കാഞ്ഞിരംകുളം
തിരുവനന്തപുരം

വർണച്ചിറക് | കഥ

# സമ്മാനം

"മുത്തശ്ശീ... ദാഹിക്കുന്നു... കുറച്ച് വെള്ളം തരാമോ?" അഞ്ചുവയസ്സുകാരൻ ആദി ചോദിച്ചു. മുത്തശ്ശി കുടം തുറന്നുനോക്കി. അതിൽ ഒരു തുള്ളി വെള്ളംപോലുമില്ല. "മോനെ... വെള്ളം തീർന്നു." ആദി അദ്ഭുതത്തോടെ ചോദിച്ചു. "വെള്ളവും തീരാറുണ്ടോ?" മുത്തശ്ശി ഒരുനിമിഷം മിണ്ടാതിരുന്നു. പിന്നെ അവനെ മുറ്റത്തേക്ക് കൂട്ടിക്കൊണ്ടുപോയി. "ഈ പറമ്പ് കണ്ടോ മോനേ? ഒരുകാലത്ത് ഇവിടെ ഒരു വലിയ മാവുണ്ടായിരുന്നു. അതിന്റെ തണലിൽ ഞങ്ങൾ കളിക്കുമായിരുന്നു. അവിടെ ഒരു കിണറുണ്ടായിരുന്നു. വർഷം മുഴുവൻ വെള്ളമുണ്ടായിരുന്നു. പക്ഷികൾ പാടുമായിരുന്നു. മഴ പെയ്താൽ മണ്ണിന് ഒരു മണമുണ്ടായിരുന്നു." ആദി ചുറ്റും നോക്കി. അവിടെ മാവില്ല. കിണറില്ല. പക്ഷികളില്ല. പൊട്ടിവരണ്ട മണ്ണുമാത്രം. "അതെല്ലാം എവിടെ പോയി, മുത്തശ്ശീ?" മുത്തശ്ശി പതുക്കെ പറഞ്ഞു. "ആരും മോഷ്ടിച്ചിട്ടില്ല മോനേ... നമ്മൾതന്നെയാണ് നഷ്ടപ്പെടുത്തിയത്. മരങ്ങൾ വെട്ടി. കുളങ്ങൾ നികത്തി. നദികളിൽ മാലിന്യം തള്ളി. വെള്ളം പാഴാക്കി. പ്രകൃതിയെ സ്നേഹിക്കുന്നതിന് പകരം ഉപയോഗിക്കാൻ മാത്രം പഠിച്ചു." ആദി കുറച്ചുനേരം ഒന്നും പറഞ്ഞില്ല. അടുത്തദിവസം സ്കൂളിൽ അധ്യാപകൻ ചോദിച്ചു. "പരിസ്ഥിതിയെ സംരക്ഷിക്കാൻ നിങ്ങൾ എന്തുചെയ്യും?" കുട്ടികൾ പല ഉത്തരങ്ങളും പറഞ്ഞു. "ഞാൻ പ്ലാസ്റ്റിക് ഉപയോഗിക്കില്ല." "ഞാൻ വെള്ളം പാഴാക്കില്ല." "ഞാൻ മരം നട്ടുപിടിപ്പിക്കും." പക്ഷേ, ആദി എഴുന്നേറ്റ് പറഞ്ഞത് ഒരു വാചകമായിരുന്നു. "ഞാൻ എന്റെ മക്കൾക്ക് ഒരു കാട് സമ്മാനിക്കും."




സെഹ്റിഷ് കമർ
പ്രസന്റേഷൻ ഹയർ സെക്കൻഡറി സ്കൂൾ
മലപ്പുറം

Mathrubhumi Seed
Student Empowerment for Environmental Development
In Partnership with
Federal Bank
Hormis Memorial Foundation

**പൂമ്പാറ്റകൾ കാണാത്ത
വെളിച്ചങ്ങൾ, തീർച്ചയായും
നിശാശലഭങ്ങൾ കാണും**

# മാതൃഭൂമി ആകാശപ്പച്ച



ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed